"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- **"Conservation of lranikkulam Mahadeva Temple"** എന്ന പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.24/2025/TSM തീയതി,തിരുവനന്തപുരം, 15-01-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം.337/2020/ടൂറിസം തീയതി 16-10-2020.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 03-08-2024, 16-12-2024 എന്നീ തീയതികളിലെ DOT/463/2024-P2 നമ്പർ കത്തുകൾ.
3. സ.ഉ (അച്ചടി) നം.76/2024/ധന തീയതി 31-04-2024.

**ഉത്തരവ്**

മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെട്ട **"Conservation of lranikkulam Mahadeva Temple"-** എന്ന പ്രവൃത്തിയ്ക്ക് **"5452-01-800-84 മുസിരിസ് ഹെറിറ്റേജ് ആൻറ് സ്പൈസ് റൂട്ട് പ്രോജക്ട്സ്"** എന്ന ശീർഷകത്തിൽ നിന്നും **₹**3,40,41,200/- രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും പ്രസ്തുത പ്രവൃത്തി M/s. INKEL Ltd. എന്ന സ്ഥാപനം മുഖേന 12 മാസത്തിനുള്ളിൽ പൂർത്തീകരിയ്ക്കുന്നതിനുമായി പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു.

(2). പ്രസ്തുത പ്രവൃത്തി 2021 ഫെബ്രുവരിയിൽ ടെണ്ടർ ചെയ്തുവെങ്കിലും ക്ഷേത്ര പുനരുദ്ധാരണ പ്രവൃത്തികൾ ആയതിനാൽ സമാന പ്രവൃത്തികളിൽ പരിചയമുള്ള കരാറുകാർക്ക് കൂടി പങ്കെടുക്കുവാൻ കഴിയുന്ന വിധത്തിൽ ആയിരുന്നു ടെണ്ടർ നടപടികൾ നടത്തിയിരുന്നതെന്നും, 4 തവണ ടെണ്ടർ നടത്തിയതിനു ശേഷം 02.04.2022 മാത്രമാണ് ടി പദ്ധതി പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കരാർ നൽകിയിരുന്നതെന്നും, ടി തീയതി മുതൽ 12 മാസക്കലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായും, ടി പദ്ധതി പ്രവൃത്തികൾ ഭരണാനുതി കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ പൂർത്തിയായ പദ്ധതി പ്രവൃത്തികളുടെ ബില്ലുകൾ കരാറുകാരന് അനുവദിച്ചു നൽകുന്നതിന് നിലവിൽ സാധിക്കാത്ത അവസ്ഥ

നിലനിൽക്കുകയാണെന്നും, ആയതിനാൽ പൂർത്തിയായ പ്രവൃത്തികളുടെ തുക അനുവദിക്കുന്നതിനായി മേൽ പദ്ധതിയുടെ ഭരണാനുമതി കാലാവധി 31-08-2024 തിയതി വരെ നീട്ടി നൽകുന്നതിനുള്ള ഉത്തരവ് ലഭ്യമാക്കണമെന്നും പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരമുള്ള നടപടികൾ കൂടി കണക്കിലെടുത്ത് വേണം തുക റിലീസ് ചെയ്തു നൽകേണ്ടതെന്ന വ്യവസ്ഥയോടെ "Conservation of lranikkulam Mahadeva Temple" എന്ന പദ്ധതിയുടെ പൂർത്തിയായ പ്രവൃത്തികളുടെ തുക അനുവദിക്കുന്നതിനായി, ടി പദ്ധതിയുടെ ഭരണാനുമതി കാലാവധി 31-08-2024 തിയതി വരെ നീട്ടി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ് (ഫയൽ നമ്പർ.2881580/പിയു-സി3/120/2024-ധന തീയതി 10-01-2025)
വിനോദസഞ്ചാര (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/203/2024-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 16-01-2025 10:48:12
സെക്ഷൻ ഓഫീസർ

പകർപ്പ് :
1. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.